**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4095** — **18-07-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച വായ്പകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതികളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വകുപ്പടിസ്ഥാനത്തിൽ ക്രോഡീകരിച്ചു അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. |
| (ബി) | പ്രസ്തുത വായ്പാ പദ്ധതിയുടെ പലിശ ഇളവ് വഹിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതികളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വകുപ്പടിസ്ഥാനത്തിൽ ക്രോഡീകരിച്ചു അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതികളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വകുപ്പടിസ്ഥാനത്തിൽ ക്രോഡീകരിച്ചു അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വകുപ്പ് | വായ്പകളുടെ വിശദാംശം |
|---|---|
| ആരോഗ്യ വകുപ്പ് | 2021-22 ൽ ഹോസ്പിറ്റൽ വികസന സൊസൈറ്റികൾ/ ഹോസ്പിറ്റൽ വികസന കമ്മിറ്റികൾ/ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവയ്ക്ക് വായ്പാ ധനസഹായമായി 6210 - 80 - 800 - 96 -01 (NV) എന്ന ശീർഷകത്തിൽ 10 കോടി രൂപ അനുവദിച്ചിരുന്നു. |
| സാമൂഹ്യ നീതി വകുപ്പ് | എ) 2021-22 സാമ്പത്തിക വർഷം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വായ്പ അനുവദിക്കുന്ന പദ്ധതിയുടെ കീഴിൽ '2235-60-200-64 (പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും G.O.(Rt)No.14/2022/SJD dated 21.01.2022 പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>ബി) പലിശ ഇളവ് അനുവദിച്ചിട്ടില്ല<br><br>സി) കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ മുഖേന ട്രാൻസ്ജൻഡർ വ്യക്തികൾക്ക് വായ്പ അനുവദിയ്ക്കുന്ന പദ്ധതി 2022-23 സാമ്പത്തിക വർഷം നടപ്പാക്കുന്നുണ്ട്. ലഭ്യമായ 50 അപേക്ഷകളുടെ സ്ക്രീനിംഗ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| നോർക്ക | എ) 1.<u>പ്രവാസി ഭദ്രത</u><br><br>വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്ത പ്രവാസി കേരളീയർ തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തുന്നത് വ്യാപകമായതോടെ, തൊഴിൽ നഷ്ടപ്പെട്ടവരെയും, കോവിഡ് 19 മഹാമാരിയെത്തുടർന്ന് യാത്രാ വിലക്കുകൾ മൂലം തിരിച്ചു തൊഴിലിടങ്ങളിൽ പോകാൻ കഴിയാതെ പ്രതിസന്ധിയിലായവരെയും പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി പ്രവാസി ഭദ്രതാ പദ്ധതികൾക്ക് രൂപം നൽകിയിരുന്നു. 2021-22 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിയിൻ കീഴിൽ 5010 ലോണുകൾ അനുവദിച്ചിട്ടുണ്ട്.<br><br><u>2.നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM)</u><br><br>പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായിട്ടുള്ള വായ്പാപദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ |

കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാങ്കുകൾ വായ്പ നൽകി വരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുമുള്ള സഹായം സർക്കാർ സ്ഥാപനമായ സി.എം.ഡി വഴിയും ലഭ്യമാക്കുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 18 ധനകാര്യസ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ച് വായ്പ ലഭ്യമാക്കി വരുന്നു. ടി പദ്ധതിയിലൂടെ നാളിതുവരെ 4300 ഓളം സംരംഭങ്ങൾ ആരംഭിക്കുകയും 70 കോടിയിലധികം രൂപ സബ്സിഡിയിനത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിയിൻ കീഴിൽ 1000 ലോണുകൾ അനുവദിച്ചിട്ടുണ്ട്.

| പദ്ധതിയുടെ പേര് | അപേക്ഷകരുടെ എണ്ണം | അംഗീകരിച്ച വായ്പാ അപേക്ഷകളുടെ എണ്ണം | അനുവദിച്ച ലോണുകളുടെ എണ്ണം | അനുവദിച്ച ലോൺ തുക (ലക്ഷത്തിൽ) | അനുവദിച്ച സബ്സിഡി (ലക്ഷത്തിൽ) |
|---|---|---|---|---|---|
| പ്രവാസി ഭദ്രത | 8330 | 6934 | 5010 | 12489.44 | 4933 |
| NDPREM | 4943 | 3176 | 1000 | 81.65 | 19 |

<table>
<tr>
<td></td>
<td>
ബി) NDPREM വായ്പാ പദ്ധതിയുടെ പലിശ ഇളവ് വഹിക്കുന്നതിനായി 2021-22 സാമ്പത്തികവർഷത്തിൽ 2.06 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.
സി) 2022-23 സാമ്പത്തികവർഷം മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th></th><th>പദ്ധതി</th><th>ബജറ്റ് വിഹിതം</th></tr>
<tr><td>1</td><td>പ്രവാസി ഭദ്രത - പേൾ (കുടുംബശ്രീ)</td><td rowspan="3">50 കോടി</td></tr>
<tr><td>2</td><td>പ്രവാസി ഭദ്രത - മൈക്രോ (കെ.എസ്.എഫ്.ഇ, കേരള ബാങ്ക് )</td></tr>
<tr><td>3</td><td>പ്രവാസി ഭദ്രത - മെഗാ</td></tr>
<tr><td>4</td><td>നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺൺഡ് എമിഗ്രന്റ്സ് (NDPREM)</td><td>25 കോടി</td></tr>
</table>
</td>
</tr>
<tr>
<td>വ്യവസായ വാണിജ്യ വകുപ്പ്</td>
<td>
എ) വ്യവസായ ഭദ്രത പദ്ധതിയുടെ ഭാഗമായി, Scheme for interest subvention on Term Loan & Working Capital loan എന്ന പലിശയിളവ് പദ്ധതി 2020-21 മുതൽ നടപ്പിലാക്കി വരുന്നുണ്ട്.
ബി) Scheme for interest subvention on Term Loan & working capital loan എന്ന പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 164.55 ലക്ഷം രൂപ 796 യൂണിറ്റുകൾക്കായി ചെലവഴിച്ചിട്ടുണ്ട്.
സി) വ്യവസായ ഭദ്രത പദ്ധതിയുടെ ഭാഗമായി, Scheme for interest subvention on Term Loan & Working Capital loan എന്ന പലിശയിളവ് പദ്ധതി 2022-23 സാമ്പത്തിക വർഷത്തിലും നടപ്പിലാക്കുന്നുണ്ട്.
</td>
</tr>
</table>

| | |
|---|---|
| ക്ഷീര വികസന വകുപ്പ് | എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്ക് സമാശ്വാസ പദ്ധതിയായാണ് കിസാൻ ക്രഡിറ്റ് കാർഡ് ഏർപ്പെടുത്തിയത്. സ്വന്തമായി ഭൂമിയുള്ളവരും പശുക്കളെ വളർത്തുന്നവരുമായ എല്ലാ ക്ഷീരകർഷകർക്കും കിസാൻ ക്രഡിറ്റ് കാർഡ് ആനുകൂല്യം ലഭിക്കും. ഹ്രസ്വകാല ആവശ്യങ്ങൾക്കായുള്ള പ്രവർത്തന മൂലധനത്തിനായാണ് വായ്പ ലഭ്യമാക്കുന്നത്. 1.6 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഈടു നൽകേണ്ടതില്ല. ഒരു പശുവിന് 24,000/- രൂപ എന്ന നിരക്കിൽ വായ്പ പരിധി നിശ്ചയിച്ചിട്ടുണ്ട്. 2 ലക്ഷം രൂപ വരെ പശു വളർത്തലിന് പരമാവധി വായ്പ ലഭിക്കും. മൂന്ന് ലക്ഷം രൂപ വരെയുള്ള കൃത്യമായ വായ്പാ തിരിച്ചടവിന് 4% പലിശ മാത്രം നൽകിയാൽ മതിയാകും. 2021-22 സാമ്പത്തിക വർഷത്തിൽ 53,345 ക്ഷീരകർഷകർക്ക് കിസാൻ ക്രഡിറ്റ് കാർഡ് ലഭ്യമാക്കുകയും 334.78 കോടി രൂപ വായ്പ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ബി) പ്രത്യേകമായുള്ള പലിശ ഇളവ് അനുവദിച്ചിട്ടില്ല.<br><br>സി) ക്ഷീരകർഷകർക്ക് സമാശ്വാസ പദ്ധതിയായ കിസാൻ ക്രഡിറ്റ് കാർഡ് പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം ഇതു വരെ 268 ക്ഷീരകർഷകർക്ക് കിസാൻ ക്രഡിറ്റ് കാർഡ് ലഭ്യമാക്കുകയും 41.665 ലക്ഷം രൂപ വായ്പ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| സഹകരണ വകുപ്പ് | എ) 1. Co-operative Initiative for Agriculture Infrastructure in Kerala (CAIK) - കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നാല് ശതമാനം പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർ വായ്പാ ഇനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 121.05 കോടി രൂപയുടെ വായ്പാ കേരള ബാങ്ക് വഴി വിതരണം ചെയ്തിട്ടുണ്ട്<br><br>2. തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതി<br><br>കേരള ബാങ്ക് വഴി 2020-21 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിൽ (MSME) ലഘു ജാമ്യ വ്യവസ്ഥയിൽ അനുവദിക്കുന്ന കെ.ബി സുവിധ പ്ലസ് വായ്പാ പദ്ധതി പ്രകാരം 301 കോടി രൂപയുടെ വായ്പാ വിതരണം ചെയ്തിട്ടുണ്ട്.<br><br>3. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കുള്ള വായ്പ: ടി വായ്പയിൽ 2021-22 വർഷത്തിൽ കേരള ബാങ്ക് 49.63 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ |

| | |
|---|---|
| | സംഘങ്ങൾ നേരിട്ട് കുടുബശ്രീ യൂണിറ്റുകൾ വഴി അതിലെ അംഗങ്ങൾക്ക് 2021-22 സാമ്പത്തിക വർഷത്തിൽ 'മുറ്റത്തെ മുല്ല' വായ്പാ പദ്ധതി പ്രകാരം 838.32 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്.<br><br>ബി) കേരള ബാങ്ക് വഴി വിതരണം ചെയ്ത പശ്ചാത്തല സൗകര്യ പുനർ വായ്പാ പദ്ധതിയിൽ വിതരണം ചെയ്ത വായ്പയിൽ Agricultural Infrastructure Fund ഉൾപ്പെടുന്ന പ്രോജക്ടകൾക്ക് വായ്പകകളുടെ പലിശയിളവ് അനുവദിച്ചിട്ടില്ല.<br><br>സി) 2021-22 സാമ്പത്തിക വർഷത്തിൽ കേരള ബാങ്ക് വഴി വിതരണം ചെയ്ത പശ്ചാത്തല സൗകര്യ പുനർ വായ്പാ പദ്ധതി, തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതി, കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കുള്ള വായ്പകൾ എന്നിവ 2022-23 വർഷത്തിലും തുടരുന്നുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ നേരിട്ട് കുടുബശ്രീ യൂണിറ്റുകൾ വഴി അതിലെ അംഗങ്ങൾക്ക് നൽകുന്ന മുറ്റത്തെ മുല്ല വായ്പാ പദ്ധതി 2022-23 വർഷത്തിലും തുടർന്ന് വരുന്നുണ്ട്. |
| ടൂറിസം വകുപ്പ് | എ) **1.** <u>ടൂറിസം വർക്കിംഗ് ക്യാപ്പിറ്റൽ സപ്പോർട്ട് സ്കീം</u><br><br>പലിശ ഇളവ് വഹിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക - 12,69,470/- രൂപ<br><br><u>2. ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം</u><br><br>പലിശ ഇളവ് വഹിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക - 1,09,756/- രൂപ<br><br><u>3. ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം</u><br><br>ഹൗസ് ബോട്ടുകളുടെ അറ്റകുറ്റ പണികൾക്കായി ഒറ്റത്തവണ സഹായമായി അനുവദിച്ച തുക - 2,92,40,000 രൂപ<br><br><u>4. ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം</u><br><br>കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ലൈസൻസുള്ള ഗൈഡുകൾക്കായി ഒറ്റത്തവണ സഹായമായി അനുവദിച്ച തുക - 26,80,000/- രൂപ<br><br><u>5. റിവോൾവിംഗ് ഫണ്ട് സ്കീം</u><br><br>റിവോൾവിംഗ് ഫണ്ട് സ്കീമിൽ 2021-22 ൽ അനുവദിച്ച തുക - 95,63,500 രൂപ |

| | |
|---|---|
| | ബി) 1. ടൂറിസം വർക്കിംഗ് ക്യാപ്പിറ്റൽ സപ്പോർട്ട് സ്കീമിന്റെ വായ്പാ പദ്ധതിയുടെ പലിശ ഇളവിനായി 2021-22 സാമ്പത്തിക വർഷത്തിൽ 12,69,470 രൂപ അനുവദിച്ചു.<br><br>2. ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീമിന്റെ വായ്പാ പദ്ധതിയുടെ പലിശ ഇളവിനായി 2021-22 സാമ്പത്തിക വർഷത്തിൽ 1,09,756 രൂപ അനുവദിച്ചു.<br><br>സി) 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് റിവോൾവിംഗ് ഫണ്ട് പദ്ധതി. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>05.10.2021ലെ സ.ഉ.(സാധാ) നം.229/2021/ടൂറിസം പ്രകാരം കോവിഡ് മഹാമാരിയുടെ വ്യാപനത്തെ തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ ജീവനക്കാരേയും ചെറുകിട സംരംഭകരേയും സാമ്പത്തികമായി സഹായിക്കുന്നതിനായി സർക്കാർ രൂപീകരിച്ച സമാശ്വാസ പദ്ധതിയായ "റിവോൾവിംഗ് ഫണ്ട്" പദ്ധതി 2021-22 സാമ്പത്തിക വർഷമാണ് ആരംഭിച്ചത്. നിലവിൽ ഇതുവരെ 1704 അപേക്ഷകൾ വന്നിട്ടുണ്ട്. ടി അപേക്ഷകളിൽ നിന്നും 1122 അപേക്ഷകൾക്ക് കമ്മറ്റി വായ്പ അനുവദിക്കുന്നതിനുള്ള ശിപാർശ നൽകി. കമ്മറ്റി ശിപാർശ ചെയ്ത അപേക്ഷകർ 200 രൂപയുടെ മുദ്രപ്പത്രത്തിൽ വായ്പ തിരിച്ചടവിനെ സംബന്ധിച്ചുള്ള കരാർ നൽകേണ്ടതുണ്ട്. ഇതുവരെ മുദ്രപ്പത്രത്തിൽ കരാർ നൽകിയ 957 അപേക്ഷകർക്കായി 95,63,500/- രൂപയാണ് വായ്പ അനുവദിച്ചു നൽകിയത്. കമ്മറ്റി ശുപാർശ ചെയ്ത അപേക്ഷകരിൽ നിന്നും 165 അപേക്ഷകർ ഇതുവരെ മുദ്രപ്പത്ര കരാർ നൽകാത്തതിനാൽ അവർക്ക് വായ്പ നൽകിയിട്ടില്ല. അവ ലഭ്യമാകുന്ന മുറയ്ക്ക് കമ്മറ്റി വായ്പ അനുവദിച്ച ബാക്കിയുള്ളവർക്ക് വായ്പ ലഭ്യമാക്കുന്നതാണ്. പുതിയ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അർഹരായവർക്ക് അത് ലഭ്യമാക്കുന്നതുമാണ്. |
| ഗ്രാമ വികസനവകുപ്പ് | (എ) സാമ്പത്തിക പുനരുജ്ജീവന വായ്പ പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടില്ല.<br><br>(ബി) ബാധകമല്ല<br><br>(സി) സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28/05/2022 ഖണ്ഡിക 6.5.2(ബി)(2)(vi) പ്രകാരം തദ്ദേശ ഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോട് കൂടി പ്രവർത്തിച്ചുവരുന്ന സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധി മൂലമോ മറ്റ് ദുരന്ത കാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ പുനരുജ്ജീവന സമാശ്വാസ പദ്ധതിക്ക് അപേക്ഷിക്കാവുന്നതാണ്. മുൻപ് ചെയ്തിരുന്നതോ കാലാനുസൃതമായ മാറ്റത്തോടു കൂടിയതോ ആയ |

| | |
|---|---|
| | പുനരുജ്ജീവന പാക്കേജ് തയ്യാറാക്കി ബാങ്ക് വായ്പ നേടി സംരംഭം പുനരുജ്ജീവിപ്പിച്ചാൽ വായ്പയുടെ പലിശയിന്മേൽ സബ്സിഡി നൽകുന്നതാണ്. ദേശസാൽകൃത ബാങ്ക്, ഷെഡ്യൂൾഡ് ബാങ്ക്, കേരള ബാങ്ക്, സഹകരണബാങ്ക്, പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പാ തുകയ്ക്കാണ് പലിശ സബ്സിഡി നൽകുന്നത്. ജനറൽ വിഭാഗത്തിന് 6 ശതമാനവും, പട്ടിക ജാതി വിഭാഗങ്ങൾ, പട്ടിക വർഗ്ഗ വിഭാഗങ്ങൾ, വനിതകൾ എന്നിവർക്ക് 8 ശതമാനവും പലിശ സബ്സിഡി പരമാവധി മൂന്ന് വർഷത്തേയ്ക്ക് നൽകുന്നതാണ്. 10 ലക്ഷം രൂപയിൽ കൂടുതൽ വായ്പ എടുക്കുന്ന സംരംഭമാണെങ്കിലും 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് മാത്രമേ പലിശ സബ്സിഡി അനുവദിക്കുകയുള്ളൂ. പരമാവധി 3 വർഷം വരെയാണ് പലിശ സബ്സിഡി നൽകുന്നത്. 2022-23 മുതൽ ആരംഭിക്കുന്ന സംരംഭങ്ങൾക്കാണ് സബ്സിഡി നൽകുന്നത്. സംരംഭങ്ങളുടെ പുനരുജ്ജീവന ധന സഹായത്തിനുള്ള അർഹത ജില്ലാ തല സാങ്കേതിക സമിതി നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം വിലയിരുത്തുന്നതും അതിന്റെ അടിസ്ഥാനത്തിൽ സഹായം നൽകുന്നതുമാണ്. പുനരുദ്ധാരണത്തിനുള്ള ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് എന്നിവയും സംരംഭങ്ങളുടെ പുനരുജ്ജീവനത്തിന് നൽകുന്നതാണ്. |
| കുടുംബശ്രീ | (എ) കോവിഡ് 19 ന്റെ ഭാഗമായി വിദേശത്തു നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികൾക്ക് ഉപജീവന മാർഗ്ഗം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീയും നോർക്ക റൂട്ട്സും സംയുക്തമായി ആരംഭിച്ച പദ്ധതിയാണ് പ്രവാസി ഭദ്രതാ - PEARL. ഈ പദ്ധതിയുടെ ഭാഗമായി വിദേശത്തു നിന്നും തൊഴിൽ നഷ്ടപ്പെട്ട തിരിച്ചെത്തിയ പ്രവാസികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് രണ്ടു ലക്ഷം രൂപ വരെ പലിശരഹിത വായ്പയായി നൽകി വരുന്നു. പദ്ധതി നടത്തിപ്പിന് 2021-22 വർഷത്തിൽ 44 കോടി രൂപ നോർക്ക റൂട്ട്സിൽ നിന്നും കുടുംബശ്രീയ്ക്ക് ലഭിച്ചിട്ടുണ്ട്. 4071 ഗുണഭോക്താക്കൾക്ക് ടി പദ്ധതിയുടെ ഭാഗമായി വായ്പയുടെ ആദ്യ ഗഡുവും 819 പേർക്ക് രണ്ടു ഗഡുക്കളും അനുവദിച്ചിട്ടുണ്ട്. 2426 സൂക്ഷ്മ സംരംഭങ്ങൾ ടി പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്.<br><br>(ബി) പലിശ രഹിത വായ്പാ പദ്ധതിയാണ് പ്രവാസി ഭദ്രതാ - PEARL. |

| | |
|---|---|
| | (സി) 2022-23 വർഷത്തിൽ 16 കോടി രൂപയാണ് പ്രവാസി ഭദ്രതാ പദ്ധതിയുടെ നടത്തിപ്പിനായി നോർക്ക റൂട്ട്സ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ